# അറുപതു തികയുന്ന ഇടശ്ശേരി

## കടവനാട്ട് കുട്ടികൃഷ്ണൻ

വെളുത്ത ഖദർമുണ്ടും ജുബയും. കക്ഷത്തിൽ റിക്കാർഡു കെട്ട്. കൈത്തണ്ടയിൽ തൂക്കിയ കുട. പൊന്നാനിയിലെ കോടതിക്കെട്ടിടത്തിന്റെ പാർശ്വത്തിലുള്ള വക്കീൽമുറികളിലൊന്നിൽനിന്നു താഴെയിറങ്ങി മെയിൻ റോഡിലൂടെ കിഴക്കോട്ടു തിരിഞ്ഞു നടക്കുന്ന, അല്പം അകം വളഞ്ഞ, അധികം പൊക്കമോ അധികം വണ്ണമോ ഇല്ലാത്ത ആ ആൾ ശ്രീ ഇടശ്ശേരി ഗോവിന്ദൻനായരാണ്.

കൂട്ടത്തിൽ ഒരു ചെറിയസംഘം ആളുകളുമുണ്ട്. അന്യായ, സംബന്ധമായി ഉപദേശം തേടാൻവന്ന കക്ഷികളോ, സാഹിത്യകൃതികൾ തിരുത്തിക്കിട്ടാൻ വന്ന ആരംഭക്കാരായ എഴുത്തുകാരോ, കലാസമിതി പ്രവർത്തകരോ, കുടുംബഭാഗം കലശൽ കൂടാതെ നടത്തിക്കിട്ടാൻ സമീപിച്ച ഭേദപ്പെട്ടവരോ, രാഷ്ട്രീയപ്രവർത്തകരോ മറ്റു സുഹൃത്തുകളോ ആവാം അത്. ആളുകളുടെ താല്പര്യമനുസരിച്ച് ഏതു വിഷയത്തെക്കുറിച്ചായാലും, സംഭാഷണം വിഘ്നംകൂടാതെ നടക്കുന്നുണ്ട്. ഇടയ്ക്കിടയ്ക്കു പൊട്ടിക്കുന്ന ഫലിതപ്രയോഗങ്ങൾ കൂടെയുള്ളവരെ ഉല്ലസിപ്പിക്കുമ്പോൾ ഇടശ്ശേരിയും കുലുങ്ങിച്ചിരിക്കുന്നു. ഒന്നു മുഖം തുടച്ച്, പുതിയൊരു വിഷയത്തിലേയ്ക്കോ സംസാരിക്കുന്ന വിഷയത്തിന്റെ മറ്റൊരു വശത്തേയ്ക്കോ പ്രവേശിക്കുകയായി. ആ സംഘം ചെന്നെത്തുന്നതു 'കൃഷ്ണപ്പണിക്കർ വായനശാല'യിലോ, അടുത്ത ചായക്കടയിലോ, പുത്തില്ല,ത്തെ ഉമ്മറത്തു തന്നെയോ ആവാം. ചായയും ബീഡിയുംകൊണ്ടു കുത്തും കോമയും പാരഗ്രാഫും തിരിവുകളുമിട്ട് ആ സായന്തനത്തിന്റെ അദ്ധ്യായം ആവശ്യം പോലെ മുന്നോട്ടു നീങ്ങുന്നു.

ഇടശ്ശേരി കവിയാണ്. ഭാവനയുടെ ചിറകുകെട്ടി മായാലോകത്തിലേയ്ക്കു പറന്നു മറഞ്ഞുകളയുന്നതരം കവിയല്ല. മണ്ണും അതിൽ വേരുപിടിച്ചു നൽക്കുന്ന ജീവിതവും ഈടുറ്റതായി കാണുന്ന കവി. സന്തോഷിക്കുകയും, ദുഃഖിക്കുകയും, സമരം ചെയ്യുകയും, ക്ഷീണിക്കുകയും, വിജയിക്കുകയും, ലജ്ജിക്കുകയും എല്ലാം ചെയ്യുന്ന മനുഷ്യജീവിതത്തെ കാര്യമായ എണ്ണുന്ന കവി. സൗന്ദര്യം കാണാൻ അദ്ദേഹം നോക്കുന്നതു കൂടുതലും മനുഷ്യമുഖത്തേയ്ക്കാണ്. 'മനുഷ്യൻ – ഹാ, എത്ര സുന്ദരമായ പദം!' എന്നു പറഞ്ഞതു മാക്സിംഗോർക്കിയല്ലേ? എങ്കിൽ, ഇടശ്ശേരി പറയുന്നതിങ്ങനെയാണ്.

'മർത്ത്യൻ സുന്ദരനാണ്, കാരണ,മുയിർ–
ക്കൊള്ളും വികാരങ്ങൾതൻ
നൃതൃത്തിന്നുമുതർക്കുവാൻ സ്വയമണി–
ഞ്ഞിട്ടോരരങ്ങാണവൻ;'

മനുഷ്യവ്യക്തികളുടെ സുഖദുഃഖങ്ങളുടെ നിമ്നോന്നത പഥങ്ങളിലൂടെ തേരുരുൾ പായിക്കുന്നതു തന്നെയാണു തന്റെ രസം എന്നദ്ദേഹം ഉറപ്പിച്ചു പറയുന്നു. തികച്ചും മനുഷ്യകഥാനുഗായിയായ കവി.

പഴയ പൊന്നാനി താലൂക്കിൽ (ഇപ്പോൾ തിരൂർ താലൂക്ക്) പെട്ട കുറ്റിപ്പുറത്ത്, ഭാരതപ്പുഴയുടെ തീരപ്രദേശത്തുള്ള ഒരിടത്തരം നായർ തറവാടായ ഇടശ്ശേരി വീട്ടിലാണു ഗോവിന്ദൻകുട്ടി ജനിച്ചത്. കുഞ്ഞികുട്ടിയമ്മ എന്നായിരുന്നു മാതാവിന്റെ പേർ. തലശ്ശേരി സ്വദേശിയും ഗവർമെന്റിന്റെ അബ്കാരി വകുപ്പിൽ ഒരു നാലാംഗ്രേഡ് ഉദ്യോഗസ്ഥനുമായിരുന്ന പി. കൃഷ്ണക്കുറുപ്പ് വിവാഹം കഴിക്കുമ്പോൾ അഞ്ചു സന്താനങ്ങളുടെ മാതാവായ ഒരു വിധവയായിരുന്നു അവർ. 'എനിക്കു ജന്മം തരാൻ വേണ്ടി മാത്രമായിരുന്നു അവർ ബന്ധപ്പെട്ടത്' എന്ന് ഇടശ്ശേരി പറയാറുണ്ട്. 'എന്തിനുവേണ്ടിയായിരുന്നു ആ മനുഷ്യൻ അമ്മയും അഞ്ചു മക്കളും അമ്മയുടെ അമ്മയും അനുജത്തിമാരുമടങ്ങുന്ന ആ വലിയ കുടുംബത്തിന്റെ ഭാരംപേറി കഷ്ടപ്പെട്ടിരുന്നത് എന്നറിഞ്ഞുകൂടാ.' സ്വന്തം പിതാവിനെപ്പറ്റി ഇടശ്ശേരി ഇങ്ങനെ അദ്ഭുതപ്പെടുന്നതും കേട്ടിട്ടുണ്ട്. എന്തായാലും, എന്തിനുവേണ്ടിയെന്നറിയാതെ ഔദാര്യത്തിന്റെ ഭാരം പേറുന്ന സ്വഭാവം ഇടശ്ശേരിയുടെ ജീവിതത്തിലും രൂഢമൂലമാണ്.

പഴയ മട്ടിലുള്ള നാട്ടുവിദ്യാഭ്യാസം ലഭിച്ച ആളായിരുന്നു അമ്മ. എഴുത്തച്ഛൻ കൃതികൾ അമ്മ ഈണത്തിൽ ചൊല്ലിത്തരാറുള്ളതിനെ ഇടശ്ശേരി ഒരു കവിതയിൽ അനുസ്മരിക്കുന്നുണ്ട്. ഉയർന്നതരം വിദ്യാഭ്യാസം മകനു നൽകാൻ പിതാവിനു കഴിവുണ്ടായിരുന്നില്ല. കുറ്റിപ്പുറം റെയിൽവേസ്റ്റേഷനു സമീപത്ത് ഇപ്പോഴുള്ള ഹയർ എലിമെന്ററി സ്കൂളിലായിരുന്നു ഇടശ്ശേരി വിദ്യാഭ്യാസം പൂർത്തിയാക്കിയത്. അന്ന് അവിടെ മലയാളം അദ്ധ്യാപകനായിരുന്ന വിദ്വാൻ പി. ശങ്കുണ്ണിമേനോൻ തന്നിൽ സാഹിത്യവിഷയകമായ രസം അങ്കുരിക്കുന്നതിനു നിമിത്തമായിട്ടുണ്ടെന്ന് ഇടശ്ശേരി ചിലപ്പോൾ ഓർക്കും.

വാക്കിടറാതെ നടന്നുതന്നെ വർഷീയാനായിക്കഴിഞ്ഞൊരച്ഛൻ തന്മകനാശിസ്സും കല്പനയുംതന്നു,

'കൈയക്ഷരം നല്ലതാക്കൂ...'അച്ഛന്റെ ആശിസ്സു പാഴായില്ല. കൈയക്ഷരവും കാര്യശേഷിയും ഇടശ്ശേരി നല്ലതാക്കിയെടുത്തു. അതാണ് ഇന്നും അദ്ദേഹത്തെ ജീവിപ്പിക്കുന്നത്.കൈയക്ഷരമെന്ന മൂലധനവുംകൊണ്ടു കച്ചവടത്തിനിറങ്ങിയ ആ യുവാവ് ആദ്യം ചെന്നെത്തിയതു ആലപ്പുഴയിലായിരുന്നു. അവിടെ ഒരു വക്കീൽ ഗുമസ്തനായി ജോലി ആരംഭിച്ചു. ഒട്ടും ആദായകരമായിരുന്നില്ല ആ തൊഴിൽ. ഒരാളുടെ ജീവിതം നടത്താൻതന്നെ നന്നെ പ്രയാസമായിരുന്നു. പട്ടിണി കിടന്ന നാളുകളുടെ സ്മരണകൾ ഇടശ്ശേരി മധുരമായി അയവിറക്കാറുണ്ട്.

ജീവിതം അരിഷ്ടിച്ചതായിരുന്നുവെങ്കിലും, കാലേതന്നെ കമ്പംകേറിയിരുന്ന സാഹിത്യപഠനത്തെ മുന്നോട്ടു കൊണ്ടുപോവാൻ പറ്റിയ ചില കൂട്ടുകെട്ടുകൾ അന്നു സിദ്ധിച്ചു. അക്കാലത്തു സാഹിത്യപ്രവർത്തനത്തിനു പാണ്ഡിത്യം ഒരാവശ്യമായിരുന്നു എന്നു ഇടശ്ശേരി പറയും. വ്യുല്പത്തി വേണം. കാവ്യപരിചയം അത്യാവശ്യം. രസിക്കുന്നതോടൊപ്പം ചികഞ്ഞു പരിശോധിച്ചു പഠിച്ചെങ്കിലേ ആ പരിചയം പൂർത്തിയാവൂ. സബ്രഹ്മചാരികളോടൊത്തു വായിക്കുകയും വാഗ്വാദം നടത്തുകയും ചെയ്തു പഠിക്കുന്നതിന്റെ വിശേഷത ഒന്നു വേറെതന്നെയാണ്. അക്കൂട്ടത്തിൽ സ്വന്തമായി എഴുതുന്ന കവിതകൾ അന്യോന്യം വായിച്ചു കേൾപ്പിക്കുകയും തുറന്ന നിരൂപണങ്ങൾ നടത്തുകയും ചെയ്യും. അന്നത്തെ സാഹിത്യ സുഹൃത്തുക്കൾക്കിടയിൽ ഇടശ്ശേരി എപ്പോഴും അനുസ്മരിക്കാറുള്ളവരാണു വൈക്കം കേശവപിള്ളയും മാഞ്ഞൂർ പരമേശ്വരൻപിള്ളയും.

ആലപ്പുഴയിൽനിന്നു വിട്ടതിനുശേഷം കുറച്ചുകാലം കോഴിക്കോട്ടു വക്കീൽഗുമസ്തനായി കഴിച്ചുകൂട്ടി. അതിനുശേഷം ഒരു വർഷത്തോളം നാട്ടിൽ വെറുതെ നടന്നു. സാഹിത്യപഠനവും കവിതയെഴുത്തും ചീട്ടും ചതുരംഗവുമായിരുന്നു അന്നത്തെ വ്യാപാരം. അതിനെത്തുടർന്നു ഇടശ്ശേരി പൊന്നാനിയിലേയ്ക്കു പോന്നു. വക്കീൽ മുറിയിൽ തന്നെയാണു വന്നുകയറിയത്. അന്നുതൊട്ടിന്നോളം പൊന്നാനിയിലെ കോടതിയുമായും, വായനശാലകളും കലാസമിതികളുമായും, സാമൂഹ്യ – രാഷ്ട്രീയ – സാംസ്കാരിക പ്രവർത്തനങ്ങളുമായും, വിവിധജാതിമതസ്ഥരും വിവിധ ജോലിക്കാരും വലിയവരും ചെറിയവരുമായ മനുഷ്യരുമായും, ചിരിച്ചും രസിച്ചും കാര്യം പറഞ്ഞും ബുദ്ധി ഉപദേശിച്ചും, ഫലിതം കൊണ്ട് വിമർശിച്ചും വിനയം കൊണ്ടു അനുഗ്രഹിച്ചും കൂടിയിണങ്ങി കഴിഞ്ഞുകൂടുകയാണ് ഇടശ്ശേരി. വികാസം പൊന്നാനിയിൽവച്ചാണു ജീവിതം വികസിച്ചത്. സാമ്പത്തിക ക്ലേശങ്ങൾക്കു പെട്ടെന്നു ശമനമൊന്നും ഉണ്ടായില്ല. തുടർച്ചയായ നിരാഹാരങ്ങൾ, ആരോടും സമരം ചെയ്യാനുള്ളതല്ല, വകയില്ലാത്തതു കൊണ്ടുമാത്രമുള്ള നിരാഹാരങ്ങൾ, വേണ്ടിവന്നിട്ടുണ്ട്. പല ദിവസത്തെ പട്ടിണിക്കുശേഷം ആഹാരം കഴിക്കുമ്പോൾ കുടലിനുള്ളിലേയ്ക്കു വാളുകൾ കുത്തിത്തിരകുന്നപോലെ തോന്നിയ അനുഭവം ഇടശ്ശേരി വിവരിച്ചു കേട്ടിട്ടുണ്ട്. അങ്ങനെയൊക്കെയായിരുന്നുവെങ്കിലും വളരാൻ വെമ്പൽപൂണ്ടു നിന്നിരുന്ന മാനസികവും ബുദ്ധിപരവുമായ പ്രവണതകളെ പല ചാലുകളിലൂടെയും മുന്നോട്ടു കൊണ്ടു പോവാനുള്ള സാഹചര്യങ്ങൾ ഇടശ്ശേരിക്കു പൊന്നാനിയിൽവച്ചു സിദ്ധിച്ചു.

വക്കീൽമുറികൾക്കുള്ളിൽനിന്നു തന്നെ അതിവിശിഷ്ടമായ ഒരു സൗഹാർദ്ദരത്നം ഇടശ്ശേരിക്കു കണ്ടുകിട്ടി. സമാനമായ ക്ലേശങ്ങളും സമാനമായ ചായ്‌വുകളുമുള്ള, ഉത്തിഷ്ഠമാനമായ പ്രതിഭയുടെ ഉടമസ്ഥനായ ഒരു ചെറുപ്പക്കാരൻ – ഇ. നാരായണൻ. കുറഞ്ഞ കാലത്തിനിടയ്ക്കു മധുരവും മഹിതവുമായ കുറെ കവിതകളെഴുതി ജീവിതത്തോടു വിടവാങ്ങിയ ഒരാദർശവാനായിരുന്നു ആ യുവാവ്. ഈ രണ്ടു ധിഷണാശാലികളും പിരിയാൻകഴിയാത്ത വിധം അടുത്തു. സാഹിത്യ പ്രവർത്തനത്തിൽ അവർ രണ്ടു പേരുടെയും. പിന്നീടു വികാസം പ്രാപിച്ച പൊന്നാനിയിലെ സാഹിത്യ സുഹൃന്മണ്ഡലത്തിന്റെയും സംയുക്തജീവിതം ഇടശ്ശേരിക്ക് എത്രയും പ്രയോജനകരമായി.

## കോൺഗ്രസ്സുകാരൻ

ഒരു തികഞ്ഞ കോൺഗ്രസ്സുകാരനും ഗാന്ധിയൻ ആദർശവാദിയുമായ ശ്രീ കെ.വി. രാമൻമേനോനാണ് ഇടശ്ശേരിയുടെ വക്കീൽ. രണ്ടുപേർക്കും തമ്മിലുള്ള പരസ്പരാദരവും വിശ്വാസവും തൊഴിൽ രംഗത്തും അന്തസ്സുറ്റ ഒരു വികാസം അദ്ദേഹത്തിനു സാദ്ധ്യമാക്കി. ഗുരുവായൂർ സത്യഗ്രഹകാലത്തും 1942-നു ശേഷമുണ്ടായ ദേശീയ സമരകാലത്തും രാഷ്ട്രീയ പ്രവർത്തനത്തിൽ അദ്ദേഹം ഇടപെട്ടിട്ടുണ്ട് ക്വിറ്റിന്ത്യാ പ്രമേയത്തെത്തുടർന്നുണ്ടായ സമരകാലത്ത്, നിരോധിക്കപ്പെട്ട രാഷ്ട്രീയ ലഘുലേഖകൾ പൊന്നാനി പ്രദേശത്തു വിതരണം ചെയ്യുന്ന ചുമതല ഇടശ്ശേരിക്കുണ്ടായിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം പഴയ കോൺഗ്രസ്സിന്റെ സമരവീര്യവും ആദർശങ്ങളും മറ്റു ചില സ്വാഭാവിക പരിണതികൾക്കു വിധേയമായിപ്പോകുന്നതുവരെയും ഇടശ്ശേരി കോൺഗ്രസ്സിൽനിന്നു പ്രവർത്തിച്ചു.

പിന്നീട് അദ്ദേഹം രാഷ്ട്രീയരംഗത്തു പ്രവേശിച്ചിട്ടില്ല. ചർക്കാ സംഘത്തിന്റെ പ്രവർത്തനത്തിലും ഇടശ്ശേരിക്ക് ഒരു പ്രധാന പങ്കുണ്ടായിരുന്നു.

## സാഹിത്യ സല്ലാപം

പൊന്നാനിയിലെ ബാലകൃഷ്ണഗ്രന്ഥാലയത്തിൽ പാർപ്പും, വല്ല കടയിലും വല്ലപ്പോഴും ഭക്ഷണവുമായി കഴിഞ്ഞിരുന്ന ഇടശ്ശേരിയെ നാരായണൻ സ്വന്തം ഗൃഹത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി., സ്വന്തം ദാരിദ്ര്യത്തിന്റെയും സ്വന്തം മാതൃവാത്സല്യത്തിന്റെയും പങ്കുകാരനാക്കി. ഊണിലും ഉറക്കത്തിലും, ജോലിയിലും സാഹിത്യതാല്പര്യത്തിലും അവർ ഒന്നായി. അക്കാലത്തെപ്പറ്റി ഇടശ്ശേരി തന്നെ എഴുതിയിരിക്കുന്നതിപ്രകാരമാണ്.

'ഭാരതപ്പുഴയുടെ കരയ്ക്ക് എല്ലാ സായാഹ്നങ്ങളിലും ഞങ്ങൾ ചെന്നിരിക്കും. പലപ്പോഴും രാത്രി അസമയമാകുന്നതുവരെ. അത്രയും നേരം വള്ളത്തോളും, ഉള്ളൂരും, ആശാനും, നാലാപ്പാടും, ജി.യും, കേരളവർമ്മയും, രാജരാജവർമ്മയും, പന്തളവും, കെ.സി.യും, വെൺമണിമാരും, കുഞ്ഞിക്കുട്ടൻ തമ്പുരാനും, ഒറവങ്കരയും – എല്ലാ മഹാകവികളും ഞങ്ങളുടെ മുമ്പിൽ നിരക്കുകയും, അവരിൽ പലരും അന്നത്തെ കാറ്റു തിരിയുന്നതിനനുസരിച്ചു ഭൂമിയിലെ പാഴ്പ്പൊടിയിലേയ്ക്കു വലിച്ചിഴയ്ക്കപ്പെടുകയോ, ചിലരെല്ലാം സ്വർഗ്ഗീയ സിംഹാസനത്തിലേയ്ക്ക് ഉയർത്തപ്പെടുകയോ ചെയ്യുകയും പതിവായിരുന്നു. ഈ വിനോദം ഞങ്ങൾക്കൊരു വലിയ നേട്ടമായി...'

## പുതിയ കൂട്ടുകാർ

ക്രമേണ ആ സംഘത്തിൽ ആൾബലം കൂടി. അക്കാലത്തു ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരുന്ന പി.സി. കുട്ടിക്കൃഷ്ണൻ അതിലെ ഒരു പ്രധാനാംഗമായി. പരേതനായ ഇ. കുമാർ എന്ന കഥാകൃത്തായിരുന്നു മറ്റൊരാൾ. ഉപ്പുസത്യാഗ്രഹത്തിൽ കിട്ടിയ മർദ്ദനങ്ങളെത്തുടർന്നു രോഗബാധിതനായി കഥാവശേഷനായിപ്പോയ പി. കൃഷ്ണപ്പണിക്കരും, ഗുരുവായൂർ സത്യാഗ്രഹകാലത്തു ഖ്യാതി നേടിയ എൻ.പി. ദാമോദരനും അവരുടെ കൂട്ടുകാരായി. വള്ളത്തോളിന്റെ സെക്രട്ടറിസ്ഥാനം വഹിച്ചിരുന്ന കുട്ടികൃഷ്ണമാരാർ പൊന്നാനിയിലുള്ള ഭാര്യാഗൃഹത്തിൽ വരുമായിരുന്നു അന്ന്. മാരാരുമായുള്ള പരിചയം സാഹിത്യതീർത്ഥാടകരുടെ ഈ ചെറുസംഘത്തിനു കൂടുതൽ ഉന്മേഷവും ആത്മവിശ്വാസവുമുണ്ടാക്കിക്കൊടുത്തു. പൊന്നാനി മിഷ്യൻസ്കൂളിൽ ഹെഡ്മാസ്റ്ററായി സ്ഥലം മാറ്റം കിട്ടിവന്ന, ഉല്പതിഷ്ണുവും ആംഗലസാഹിത്യ പണ്ഡിതനും, സഹൃദയനുമായ ഇ.പി. സുമിത്രനും ആ സാഹിത്യ സുഹൃത്തുക്കൾക്കിടയിൽ പ്രധാനമായ ഒരു സ്ഥാനം കൈയേറ്റു.

പഠിക്കുക, എഴുതുക, കൂട്ടുകാരെ വായിപ്പിച്ചു കേൾപ്പിക്കുക – ഇത്രയും കൊണ്ടു തൃപ്തിപ്പെടുന്നതായിരുന്നു ആദ്യകാല സാഹിത്യശ്രമത്തിന്റെ സ്വഭാവം. ഒന്നാമതായി അച്ചടിയിൽവന്ന കൃതിയെപ്പറ്റി ഇടശ്ശേരിക്കു സാരമായ ഒരു കഥ പറയാനുണ്ട്. കുറ്റിപ്പുറത്തു വെറുതെ നടന്നിരുന്ന കാലം. അന്നു കുറെ ശ്ലോകങ്ങൾ അടങ്ങിയ ഒരു ലഘുകാവ്യമെഴുതി. പലരെയും വായിച്ചു കേൾപ്പിക്കുകയുണ്ടായി. ആയിടെ അവിടെ മാറ്റമായിവന്ന ഒരു ഗവർമെന്റ് ഉദ്യോഗസ്ഥനും അതു വാങ്ങിക്കൊണ്ടുപോയി

വായിച്ചിരുന്നു. നാളുകൾ കുറെ പോയി. ഇടശ്ശേരി പൊന്നാനിയിൽ വന്നതിനുശേഷം, ഒരു വൈകുന്നേരം ബാലകൃഷ്ണ ഗ്രന്ഥാലയത്തിന്റെ ജനലിലൂടെ പുറത്തേയ്ക്കു നോക്കിനിൽക്കുകയായിരുന്നു. പിന്നിൽ ഒരു ബഞ്ചിലിരുന്നു പി.സി.യോ നാരായണനോ അന്നുവന്ന മാതൃഭൂമി ആഴ്ചപ്പതിപ്പിലെ ഒരു പുസ്തകാഭിപ്രായം ഉറക്കെ വായിക്കുന്നുണ്ട്. 'പരിഹസിക്കേണ്ടെടോ. എന്റെ കവിതയും പുസ്തകമാകും'എന്ന് ഇടശ്ശേരി പറഞ്ഞു. തന്റെ ശ്ലോകങ്ങൾ കാണാപ്പാഠം തോന്നുന്ന ചങ്ങാതി പുസ്തകാഭിപ്രായത്തിനിടയ്ക്ക് അതുചേർത്തു വായിച്ചു വിനോദമുണ്ടാക്കുകയാണെന്നാണ് ഇടശ്ശേരി വിചാരിച്ചത്. നോക്കുമ്പോൾ അങ്ങനെയല്ല. താൻ എഴുതിയ കവിത മറ്റൊരാളുടെ പേരിൽ പുസ്തകമായി വന്നിരിക്കയാണ്. 'എനിക്കതിൽ രസം തോന്നി. അങ്ങനെയെങ്കിലും ഒന്നു വെളിച്ചം കണ്ടല്ലോ. അച്ചടിക്കൂലിക്ക് ആ വിദ്വാൻ എന്റെ പേരിൽ രജിസ്റ്റർനോട്ടീസ് അയയ്ക്കാതിരുന്നാൽ മതി എന്നായിരുന്നു എന്റെ പ്രാർത്ഥന' എന്നാണു ഇടശ്ശേരി അതിനെപ്പറ്റി പറയുന്നത്.

## പത്രങ്ങളിലൂടെ

യുവദീപം എന്ന പേരിൽ അന്നുണ്ടായിരുന്ന ഒരു ചെറിയ പ്രസിദ്ധീകരണത്തിലാണു സ്വന്തം പേരിലുള്ള ആദ്യത്തെ കവിത വെളിച്ചം കണ്ടത്. ഒരു സന്ധ്യാവന്ദനമോ മറ്റോ ആയിരുന്നു അത്. തുടർന്നു മാതൃഭൂമി ആഴ്ചപ്പതിപ്പു പൊന്നാനിയിലെ സാഹിത്യ ബന്ധുക്കളുടെയും വിഹാരരംഗമായി. ഇടശ്ശേരി, ഇ. നാരായണൻ, പി.സി. കുട്ടികൃഷ്ണൻ – ഈ മൂന്നുപേരും അന്നു ഞാനോനീയോ എന്ന നിലയിൽ തുരുതുരെ കവിതകളെഴുതിക്കൊണ്ടിരുന്നു. പി.സി. കഥയിലേയ്ക്കു തിരിഞ്ഞതു പിന്നീടാണ്. പരസ്പരം വിമർശിച്ചും, അഭിനന്ദിച്ചും, തിരുത്തിയും, ഒരേ വിഷയത്തെക്കുറിച്ചു ഭിന്നവ്യക്തിഭാവങ്ങളിലൂടെ എഴുതിയും പലതരത്തിലുള്ള സാഹിത്യവ്യായാമങ്ങളും അവർ അന്നു നടത്തിയിരുന്നു. 1930–നെ തുടർന്നുള്ള വർഷങ്ങൾ മലയാള കവിതയുടെ പൂക്കാലമായിരുന്നു. ഈ മൂന്നു കവികളും അതിലേയ്ക്കു വേണ്ടുന്നത്ര സംഭാവനകൾ നൽകിയിട്ടുണ്ട്.

അന്നു സാഹിത്യത്തിലും ദേശീയ പ്രവർത്തനങ്ങളിലും ഉൽസാഹമുള്ള ചെറുപ്പക്കാർക്കു സമ്മേളിക്കാനുള്ള മറ്റൊരു സ്ഥലംകൂടി ഉണ്ടായിരുന്നു പൊന്നാനിയിൽ. പരേതനായ ഇ. രാഘവൻ നായരുടെ വീട്ടിന്റെ പൂമുഖം. പല കാര്യാലോചനകളും വാദപ്രതിവാദങ്ങളും സാഹിത്യവിമർശനങ്ങളും അവിടെവച്ചു നടക്കുക പതിവായിരുന്നു. മരുമകൾക്കു പഠിത്തത്തിൽ സഹായിക്കാൻ രാഘവൻ നായർ ഇടശ്ശേരിയെ സ്വന്തം ഗൃഹത്തിൽ താമസിപ്പിച്ചു. തന്നെ ചില പരാധീനതകളിൽനിന്നു രക്ഷിക്കാൻ എടുത്ത സൂത്രമായിരുന്നു അതെന്നാണ് ഇടശ്ശേരി പറയുന്നത്. ആ ബന്ധം പിന്നീടു സുദൃഢമായി. അതേ വീടിന്റെ പുതുക്കി പരിഷ്കരിച്ച പതിപ്പിലാണ് ഇടശ്ശേരി ഇപ്പോൾ താമസിക്കുന്നത്. രാഘവൻ നായരുടെ മരുമകളെ അദ്ദേഹം വിവാഹം ചെയ്തു.

## മറ്റൊരു സംഭവം

ഇടശ്ശേരിയുടെ ഹൃദയത്തെ ഏറ്റവും മഥിച്ച ഒരു സംഭവം ആയിടയ്ക്കുണ്ടായി – ഇ. നാരായണന്റെ മരണം. നാരായണനു ക്ഷയരോഗത്തിന്റെ ആരംഭം കുറച്ചുമുമ്പു മുതലേ കണ്ടുതുടങ്ങിയിരുന്നു. സാമ്പത്തിക ക്ലേശങ്ങൾ, കുട്ടിക്കാലത്തെ എടുത്തുപേറിയ ജീവിതഭാരം, തക്കസമയത്തു തക്കതായ ചികിത്സ നടത്തുവാൻ സൗകര്യം നൽകിയില്ല. ഇന്നത്തേതുപോലെ ക്ഷയത്തിനു ക്ലിപ്തഫലം നൽകുന്ന ചികിത്സയും അന്നുണ്ടായിരുന്നില്ല. ഇരുപത്താറുകാരനായ ആ പക്വമതിയെ അതു മൃത്യുവിനു സമ്മാനിച്ചു. ആ ആത്മസുഹൃത്തിന്റെ വിയോഗത്തെപ്പറ്റി ഇടശ്ശേരിതന്നെ പറയുന്നതു നാം ശ്രദ്ധിക്കുക.

'1941 ജനുവരി 29–ാം നു വെളുത്തപക്ഷം തുടങ്ങിക്കഴിഞ്ഞിരുന്നു. ഷഷ്ഠിയോസപ്തമിയോ ആയിരിക്കണം. പണ്ടെപ്പോഴും ഞങ്ങൾ ചെന്നിരുന്ന ഭാരതപ്പുഴയുടെ അതേവെൺമണൽത്തിട്ട്. ഇളം നിലാവു പരന്നിരുന്നു. തുറന്ന അഴിയിലൂടെ നിരന്തരം അടിച്ചുവരുന്ന കടൽക്കാറ്റിൽപ്പോലും തണുക്കാത്തവിധം മസ്തിഷ്ക്കം ചൂടുപിടിച്ചിട്ടുണ്ട്. ഇത്തവണ ഞങ്ങൾ സംസ്കാരകർമ്മത്തിനു വേണ്ടിയാണ് അവിടെ നിൽക്കുന്നത് നാരായണൻ ഞങ്ങളുടെ അടുത്തുണ്ട്. ആ മഞ്ഞുപോലെ തണുത്തു വെറങ്ങലിച്ച വിപഞ്ചികയിൽനിന്ന് ഇനി ഒരു ഗാനവും പൊഴിയാനില്ല. നിറഞ്ഞ കണ്ണോടും വിങ്ങി വീർക്കുന്ന നെഞ്ഞോടുംകൂടി ഞങ്ങൾ, മഞ്ചലിൽനിന്നെടുത്ത് ആ വെള്ളിമണലിന്റെ തുറന്ന വായിലേയ്ക്കു മെല്ലെ മെല്ലെ താഴ്ത്തപ്പെട്ട ആ സ്വച്ഛജീവിതാവശേഷത്തെ കണ്ടുകൊണ്ടുനിന്നു. എല്ലാം കഴിഞ്ഞു.' (തുടരും)

മലയാള മനോരമ 1966 ഡിസംബർ 10